(ബി) നിവേദനം ലഭിച്ചിരുന്നു.

(സി) ആലപ്പുഴ ഡിവിഷന്റെ പരിധിയിലുള്ള പ്രവൃത്തികൾ നടത്തുന്നതിനായി ആലപ്പുഴ, ഹരിപ്പാട് എന്നീ സബ് ഡിവിഷനുകളും ആവശ്യമായ സെഷൻ ഓഫീസുകളും നിലനിർത്തിയിട്ടുണ്ട്.

എൻ.എച്ച്-ൽ ഡിവൈഡർ സ്ഥാപിക്കുവാൻ നടപടി

61 (1371) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം-തിരുവനന്തപുരം നാഷണൽ ഹൈവേയിൽ കൊല്ലൂർവിള, പള്ളിമുക്ക്, ഉമയനല്ലൂർ, തട്ടാമല സ്കൂളിന് മുൻവശം എന്നിവിടങ്ങളിൽ നാഷണൽ ഹൈവേയിൽ ഡിവൈഡർ സ്ഥാപിക്കുവാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

ഈ സ്ഥലങ്ങളിൽ ഡിവൈഡർ സ്ഥാപിക്കുന്നതിന്റെ ആവശ്യകത പരിശോധിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

62 (1372) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പണികളാണ് ഇപ്പോൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിന്റേയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഇപ്പോൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന വർക്കുകൾ താഴെപ്പറയുന്നവയാണ്.

റോഡുകളും പാലങ്ങളും വിഭാഗം

1. മുറിഞ്ഞപ്പുഴ പാലം
2. കളർകോട് ജംഗ്ഷൻ കൊമ്മാടി ജംഗ്ഷൻ റോഡ്
3. ആലപ്പുഴ മധുര റോഡ്-ജില്ലാ കോടതി മുതൽ കൈചൂണ്ടി വരെയുള്ള ഭാഗം ഉപരിതലം പുതുക്കൽ
4. ബീച്ച് റോഡിന്റെ ഉപരിതലം പുതുക്കൽ

LIBRARY ARCHIVES Kerala Legislative Assembly

5. ആലപ്പുഴ-അർത്തുങ്കൽ റോഡിൽ മാളികമുക്ക് മുതൽ-തുമ്പോളി ജംഗ്ഷൻ വരെ ഉപരിതലം പുതുക്കൽ

6. ചുടുകാട് ജംഗ്ഷൻ-തുമ്പോളി ജംഗ്ഷൻ റോഡ് ഉപരിതലം പുതുക്കൽ

മുകളിൽ സൂചിപ്പിച്ച പണികളുടെ എഗ്രിമെന്റ് വച്ച് പണി തുടങ്ങിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗം

1. ദേശീയപാതാ 47-ൽ കി.മി. 400/400 മുതൽ 438/00 വരെയുള്ള ഭാഗത്ത് പേവ്ട് ഷോൾഡേഴ്സ് നിർമ്മിക്കുന്ന പണി

കരാറുകാരന് സൈറ്റ് കൈമാറിക്കഴിഞ്ഞു. പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

2. ആലപ്പുഴ ബൈപ്പാസിന്റെ രണ്ടാം ഘട്ടം

പ്രസ്തുത പണിക്ക് 6.7 കോടിരൂപയും കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്. ഇത് ടെണ്ടർ ചെയ്യുവാനുള്ള നടപടി എടുത്തിട്ടുണ്ട്.

കെട്ടിട വിഭാഗത്തെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതാണ്.

ചാലക്കുടി അസംബ്ലി നിയോജക മണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും

63 (1373) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി അസംബ്ലി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളായി നടന്നുവരുന്ന റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവായി എന്ന് അറിയിക്കുമോ ;

(ഡി) ഈ മൂന്ന് വിഭാഗങ്ങളിലും തുടങ്ങാനിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കുമോ ;

(ഇ) വെറ്റിലപ്പാറ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കും എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly